**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** | **31-01-2024 - ൽ മറുപടിയ്ക്ക്**

**സമുദ്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യവില്പനയിൽ ഏർപ്പെടുന്ന വനിതകൾക്ക് യാത്രാസൗകര്യം ഒരുക്കുന്ന സമുദ്ര പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യ വില്പനയ്ക്ക് പോകുന്ന വനിതകളുടെ യാത്രാ സൗകര്യാർത്ഥം വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും രണ്ട് ബസുകളും പൂന്തുറ ഡിപ്പോയിൽ നിന്നും ഒരു ബസുമാണ് സമുദ്ര പദ്ധതി പ്രകാരം സർവീസ് നടത്തുന്നത്. വിഴിഞ്ഞം ഡിപ്പോയിൽ നിന്നുമുള്ള രണ്ടു സമുദ്ര ബസുകൾ ദിവസേന 10 ട്രിപ്പുകൾ നടത്തി വരുന്നുണ്ട്. എല്ലാ ട്രിപ്പുകളിലും ശരാശരി 50 ന് മുകളിൽ വനിതകൾ യാത്ര ചെയ്യുന്നുമുണ്ട്. പൂന്തുറയിൽ നിന്നും സർവീസ് നടത്തുന്ന സമുദ്ര ബസിൽ മത്സ്യ കച്ചവടത്തിന് പോകുന്ന 32 വനിതകൾ യാത്ര ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ വിപുലമാക്കി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | മത്സ്യത്തൊഴിലാളി വനിതകൾ മത്സ്യകച്ചവടത്തിൽ ഏർപ്പെടുന്നത് കൂടുതലും തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. മറ്റ് ജില്ലകളിൽ നിന്നും ഇത്തരം ഒരു ആവശ്യം ഉയർന്ന് വന്നിട്ടില്ല. |
| (സി) | ഇത്തരത്തിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യകച്ചവടം ചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിനായി "വനിത സെഷ്യൽ" എന്ന പേരിൽ തിരുവനന്തപുരത്തു നിന്നും കൊല്ലം നീണ്ടകരയിലേയ്ക്ക് ഒരു ബസ്സ് സർവ്വീസ് മത്സ്യഫെഡ് നടത്തിയിരുന്നു. 2020 മാർച്ച് അവസാനം കോവിഡ് വ്യാപനം കാരണം ഹാർബറുകൾ അടച്ചപ്പോൾ മത്സ്യത്തിന്റെ ലഭ്യത കുറവാണെന്ന കാരണത്താൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള വനിത ബസ്സിൽ യാത്ര ചെയ്തിരുന്ന വനിതകൾ കൊല്ലം നീണ്ടകരയിലേക്ക് മത്സ്യം എടുക്കാൻ പോകാൻ തയാറാകാത്തതിനെ തുടർന്ന് ബസ്സ് സർവ്വീസ് നിർത്തിവച്ചു. |

| | | | |
|---|---|---|---|
| | | | ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നതിന് മത്സ്യഫെഡ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ വനിത ബസ്സിൽ യാത്ര ചെയ്യുന്നവരുടെ പ്രതിനിധികളുമായി 11/11/2021-ൽ യോഗം ചേർന്ന് സർവ്വീസ് പുനരാരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബസ്സ് അറ്റകുറ്റപണികൾ നടത്തി യാത്രയ്ക്ക് തയ്യാറാക്കിയെങ്കിലും ബസ്സിൽ യാത്രയ്ക്കായി വനിതകൾ വരാത്തതിനാൽ സർവ്വീസ് പുനരാരംഭിക്കാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ